കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി - വീടിന്റെ തറവിസ്തൃതി യുടെ അനുവദനീയമായ കൂടിയ പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:163/13/തസ്വഭവ** തിരുവനന്തപുരം, തീയതി: 22.01.2013.

---

പരാമർശം: - 1) സ.ഉ (എം.എസ്)നം. 207/ 2009/ തസ്വഭവ തീയതി 07.11.2009.

2) സ.ഉ (എം.എസ്)നം. 419/ 2011/ തസ്വഭവ തീയതി 09.02.2011.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യുടെ 16.01.20013-ലെ 3.2 നമ്പർ തീരുമാനം.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭവനപദ്ധതികളിലെ വീടുകളുടെ തറ വിസ്തീർണ്ണം 60 ചതുരശ്ര മീറ്ററായി നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവി ച്ചിരുന്നു. എന്നാൽ ഈ നിബന്ധന ശ്രദ്ധയിൽപ്പെടാതെ ചില ഗുണഭോക്താക്കൾ 60 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിച്ചതായും ആയതിനാൽ ധനസഹായം പൂർണ്ണമായി നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും ഇതിനൊരു പരിഹാരം കാണണമെന്നും നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സർക്കാ രിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഇ.എം.എസ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണ ധനസഹായത്തിനുള്ള തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ചതുരശ്ര മീറ്റർ എന്നത് ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ, പണി പൂർത്തിയാക്കിയിട്ടി ല്ലാത്ത വീടുകൾക്ക് ഉയർന്ന പരിധിയുടെ 10% വരെ ഇളവ് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയ്ക്ക് തീരുമാനമെടുക്കാവുന്നതാണ് എന്ന് ഉത്തരവാകുന്നു. നാല് ഇൻസ്റ്റാൾമെന്റും നൽകിയിട്ടില്ലാത്ത കേസുകൾക്കാണ് ഈ ഇളവ് ബാധകമാകുന്നത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.